# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *603

02.04.2018-ൽ മറുപടിക്ക്

### പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.ഡി.കെ. മുരളി | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഇക്കാര്യത്തിൽ സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ പങ്ക് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന സഹായങ്ങൾ നൽകിവരുന്നു.<br><br>1. മൂന്നു ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല-മദ്ധ്യകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ ഇത്തരം വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് 2011-12 സാമ്പത്തിക വർഷം മുതൽ 'ഉത്തേജന പലിശ ഇളവ് പദ്ധതി' നടപ്പിലാക്കി വരുന്നു.<br><br>2. നെൽകൃഷിക്ക് വായ്പ എടുത്ത ശേഷം വായ്പ കാലാവധിയ്ക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രസ്തുത വായ്പ പലിശരഹിതമായാണ് നൽകി വരുന്നത്.<br><br>3. 25,000/- രൂപ വരെ കാർഷിക വായ്പ എടുത്ത ശേഷം കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 'കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതി' പ്രകാരം തിരിച്ചടക്കുന്ന തുകയിലെ 5% കാർഷികോൽപാദന ചെലവ് ഇനത്തിൽ ധനസഹായം നൽകി വരുന്നു.<br><br>4.സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ 'കർഷക സേവന കേന്ദ്രങ്ങൾ' ആരംഭിക്കാനും അവയുടെ ആഭിമുഖ്യത്തിൽ ടിഷ്യു കൾച്ചർ, |

| | | | |
|---|---|---|---|
| | | | റ്ററൽ മാർക്കറ്റിംഗ്, മണ്ണ്, ജല പരിശോധന ലാബുകൾ എന്നിവ ആരംഭിക്കുവാനും, കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നു.<br><br>5. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ ഓഹരി മൂലധനസഹായം നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 ൽ 106 സംഘങ്ങൾക്കായി 97.544 ലക്ഷം രൂപയും 2017-18 ൽ 75 സംഘങ്ങൾക്കായി 67.66 ലക്ഷം രൂപയും ഇത്തരത്തിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.<br><br>6. കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച് സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്ന കടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരമുള്ള ഇളവുകൾ കാർഷിക വായ്പകൾക്കും നൽകി വരുന്നു. നിലവിൽ 'നവകേരളീയം കടിശ്ശിക നിവാരണ പദ്ധതി -2018' പ്രകാരമുള്ള ഇളവുകൾ കാർഷിക വായ്പകൾക്കും നൽകുന്നുണ്ട്.<br><br>സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേനയാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നബാർഡിൽ നിന്നുള്ള പുനർ വായ്പയായി കാർഷിക വായ്പ ലഭിക്കുന്നത്. ഈ തുകയാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ കർഷകരായ അംഗങ്ങൾക്ക് കാർഷിക വായ്പയായി നൽകുന്നത്. |
| (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്ന് ലഭിച്ച് വന്നിരുന്ന പുനർവായ്പ സഹായത്തിൽ കുറവ് വന്നി | (ബി) | നബാർഡിൽ നിന്നും ലഭിച്ച വരുന്ന പുനർ വായ്പ സഹായത്തിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 ൽ കുറവ് വന്നിട്ടുണ്ട്. സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് മുഖേന 2016-17 ൽ 1690.31 കോടി രൂപയും 2017-18 ൽ 1245.01 |

| | | | |
|---|---|---|---|
| | ട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | | കോടി രൂപയുമാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന സഹകരണ ബാങ്ക് മുഖേന 2016-17 ൽ 2213.94 കോടി രൂപയും 2017-18 ൽ 1400 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹനത്തിനും കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും അതിന്റെ കീഴിൽ ടിഷ്യൂ കൾച്ചർ ലാബുകൾ, മഴ മറ കൃഷി, പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവ വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>നെൽകൃഷിയ്ക്ക് വായ്പ എടുത്ത ശേഷം വായ്പാകാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രസ്തുത വായ്പകൾ പലിശരഹിതമായി നൽകി വരുന്നത് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാണ്. |

സെക്ഷൻ ഓഫീസർ